## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3470 — 12.12.14 ന് മറുപടി നല്കേണ്ടിയിരുന്നത്

# കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വരൾച്ചാ ദുരിതാശ്വാസ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.രാജു ഏബ്രഹാം<br>ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തിന് വരൾച്ചാ ദുരിതാശ്വാസ ഫണ്ട് അനുവദിച്ചുകിട്ടുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നുവോ; | (എ) ഇല്ല. |
| (ബി) 2014 ജൂലൈ 31 വരെയുള്ള കാലയളവിൽ വർഷപാതത്തിന്റെ എത്ര ശതമാനം കുറവാണ് സംസ്ഥാനത്ത് രേഖപ്പെടുത്തിയിരുന്നത്; വരൾച്ച മൂലം ദുരിതമനുഭവിച്ച മേഖല ഏതൊക്കെയാണ്; കണക്കാക്കപ്പെട്ട നഷ്ടം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) 2014 ജൂൺ 1 മുതൽ ജൂലൈ 31 വരെ സംസ്ഥാനത്തുടനീളം വർഷപാതത്തിൽ സാധാരണ നിലയിൽ നിന്ന് 27% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരൾച്ചബാധിതമായി പ്രഖ്യാപിക്കണമെന്ന ശിപാർശ ഇല്ലാതിരിക്കുകയും തെക്കുപടിഞ്ഞാറൻ മൺസൂൺ മെച്ചമാകുമെന്ന പ്രതീക്ഷയിലും പൊതുവേയുള്ള നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ വരൾച്ച മൂലം 2.8 കോടി രൂപയുടെ കൃഷിനാശമുണ്ടായതായി കൃഷി വകുപ്പിന്റെ കണക്കുകൾ കാണിക്കുന്നു. |
| (സി) നഷ്ടങ്ങളുടെ കണക്ക് ശേഖരിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ദുരിതാശ്വാസ സഹായം ലഭിക്കാൻ അപേക്ഷ നല്കിയത് ഏത് തീയതിയിലായിരുന്നു; | (സി) 2014-15 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടില്ല. |
| (ഡി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് വരൾച്ച മൂലം ഉണ്ടായ നഷ്ടം എത്ര കോടി രൂപ വീതമായിരുന്നു; ഓരോ വർഷവും കേന്ദ്ര വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് നേടിയെടുത്ത സഹായം എത്ര കോടി രൂപ വീതമായിരുന്നു; അവയിൽ ഇപ്പോഴും | (ഡി) 2011-12, 2013-14 എന്നീ വർഷങ്ങളിൽ കേരളം വരൾച്ചാബാധിതമായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ വരൾച്ച മൂലമുള്ള പൊതുനഷ്ടത്തിന്റെ കണക്കെടുക്കുകയോ ദുരിതാശ്വാസ ഫണ്ടിനായി കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയോ |

പൂർണ്ണമായും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കമോ?

ചെയ്തിട്ടില്ല. 2012-13 സാമ്പത്തികവർഷത്തിൽ 2488.18 കോടി രൂപയുടെ നഷ്ടം കണക്കാക്കുകയും പ്രസ്തുത തുക സഹായമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കേന്ദ്രസർക്കാർ അനുവദിച്ച 80.05 രൂപ കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**